## ഒന്നാംഭാഗം / PART - I

# സുവിശേഷങ്ങൾ, യേശുക്രിസ്തു
# GOSPELS, JESUS CHRIST

## പാഠം / Lesson - 1

# നാല് സുവിശേഷങ്ങൾ
# FOUR GOSPELS

**വായനഭാഗം / Scripture Portions**

മത്തായി 4:18-22; ലൂക്കൊസ് 5:27-31; 1:1-4; യോഹ. 1:35-51; 20:30-31

Mt. 4:18-22; Lk. 5:27-31; 1:1-4; Jn.1:35-51; 20:30-31

**മനഃപാഠം** / *Memory Verse* : **യോഹന്നാൻ 20:31 / John 20:31**

"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ട തിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു."

"But these are written that you may believe that Jesus is the Christ, the son of God, and that believing you may have life in his name"

**ലക്ഷ്യം :**

വിശുദ്ധ വേദപുസ്തകത്തിലെ സുവിശേഷ രചയിതാക്കളുടെ സംക്ഷിപ്ത ചരിത്രവും സുവിശേഷങ്ങളുടെ താരതമ്യ പഠനവും മൂലം വചനത്തിലുള്ള ഉറപ്പും യേശു ക്രിസ്തു പൂർണ്ണ ദൈവം ആണെന്നും വിശ്വസിക്കുകയും ചെയ്യുക.

**മുഖവുര :**

യേശുക്രിസ്തുവിന്റെ ഇഹലോക ജീവിത വൃത്താന്തം നാം മനസ്സിലാക്കുന്നത് നാലു സുവിശേഷങ്ങളിൽ നിന്നാണ്. നാലു സുവിശേഷങ്ങളും നാല് എഴുത്തുകാരാൽ എ

**Objective :**

To give a short narrative of Gospel writers and do a comparative study of gospels. It will enable pupils believe in the divinity of Jesus Christ and make them strong in word.

**Introduction :**

We study about the earthly life of Jesus through four gospels. Each gospel is written by four different men.

ഴുതപ്പെട്ടതാണ് അവരെക്കുറിച്ചുള്ള ഒരു ലഘു വിവരണവും അവരുടെ എഴുത്തിന്റെ ഉദ്ദേശവുമാണ് ഈ പാഠത്തിൽ നാം പഠിക്കാൻ പോകുന്നത്.

## സുവിശേഷ രചയിതാക്കളും സുവിശേഷങ്ങളുടെ ഉദ്ദേശങ്ങളും

**മത്തായി :**

അല്ഫായിയുടെ മകനായ മത്തായി മറ്റുപേരുകൾ (ലേവി, ചുങ്കക്കാരൻ മത്തായി) പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്നു. (മത്തായി 10:3, മർക്കൊസ് 3:15, ലൂക്കൊസ് 6:15) കഫർന്നഹൂംകാരനായ മത്തായി പുറജാതിയ റോമൻ ഭരണകൂടത്തിന് വേണ്ടി ചുങ്കം (കരം) പിരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്നു. ചുങ്കക്കാർ യെഹൂദന്മാരാൽ വെറുക്കപ്പെട്ട ഒരു വിഭാഗമായിരുന്നു. അതിനാൽ ചുങ്കക്കാരും പാപികളും എന്ന പ്രയോഗം നിലനിന്നിരുന്നത്. മത്തായി ചുങ്കപ്പിരിവിലേർപ്പെട്ടിരിക്കവെ ആണ് കർത്താവ് അവനെ വിളിയ്ക്കുന്നത്. (മത്തായി 9:9-13, മർക്കൊസ് 2:14-17, ലൂക്കൊസ് 5:27-32). യേശുക്രിസ്തുവിന്റെ ഐഹിക ജീവിതവൃത്താന്തം തന്റെ സ്വജനമായ യഹൂദന്മാർക്കുവേണ്ടി എഴുതിയതത്രേ മത്തായിയുടെ സുവിശേഷം. യേശുവിനെ യഹൂദന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന രാജാവായി വെളിപ്പെടുത്തുകയായിരുന്നു ലക്ഷ്യം (മത്തായി 2:2). പാരമ്പര്യം അനുസരിച്ച് പെന്തക്കോസ്തുനാളിനുശേഷം പാലസ്തീനിലും, എത്യോപ്യ, പേർഷ്യ എന്നീ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും എത്യോപ്യയിൽ വെച്ച് രക്തസാക്ഷി മരണം അനുഭവിക്കുകയും ചെയ്തുവെന്ന് കരുതപ്പെടുന്നു.

**മർക്കൊസ് :**

യോഹന്നാൻ എന്ന മറുപേരുള്ള മർക്കോസിനാൽ എഴുതപ്പെട്ടതാണ് നാല് സുവിശേഷഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടത് എന്നു കരുതുന്ന മർക്കൊസിന്റെ സുവിശേഷം. മർക്കൊസ് യേശുവിലേക്ക് നടത്ത

In this lesson, we will learn about them and their aim of writing.

## GOSPEL WRITERS AND INTENTIONS OF EACH GOSPEL

**Matthew**:

He was son of Alpheus. He is also known as Levi and Matthew, the tax-collector. He was one of the twelve apostles of Jesus (Mt. 10:3; Mk. 3:15; Lk. 6:15). He was a native of Capernaum and his job was collecting tax on behalf of Roman Empire. Tax-collectors were one of the hated sects among Jews and the usage “sinners and tax-collectors” prevailed there. Jesus called Matthew, when he was collecting tax (Mt. 9:9-13; Mk. 2:14-17; Lk. 5:27-32). The gospel of Matthew was written for Jews, and Matthew wrote it to reveal Jesus as Jew’s expected King (Mt. 2:2). According to the tradition, Matthew preached gospel at Palestine, Ethiopia and Persia after the Pentecost experience. He became a martyr at Ethiopia.

**MARK** :

Mark is also known as John. Gospel of Mark is the first written gospel. He came to know Jesus through Peter (1 Pet. 5:13). He might

പ്പെട്ടത് പത്രോസ് മുഖാന്തരമായിരുന്നു എന്ന് കരുതുന്നു (1 പത്രൊ. 5:13). മർക്കൊസിന് പത്രോസുമായുള്ള അടുത്ത ബന്ധവും പത്രോസിൽ നിന്നും ഗ്രഹിച്ചു കാര്യങ്ങളും ആയിരിക്കാം യേശുവിന്റെ ചരിത്രമെഴുതുവാൻ മർക്കൊസിനെ സഹായിച്ചത്. പൗലൊസിന്റെ ഒന്നാം മിഷനറി യാത്രയിൽ ബർന്നബാസിനോടൊപ്പം മർക്കൊസും ഉണ്ടായിരുന്നു (പ്രവൃ. 12:25, 13:14, 15:3538). ബർന്നബാസിന്റെ പിതൃസഹോദരീപുത്രനായിരുന്ന മർക്കൊസ് (കൊലൊ. 4:10). തന്റെ സുവിശേഷത്തിൽ റോമാക്കാരെ ഉദ്ദേശിച്ച് യേശുവിനെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്ന ദാസനായി വെളിപ്പെടുത്തുന്നു. പാരമ്പര്യം അനുസരിച്ച് ഈജിപ്തിലെ അലക്സാന്ത്രയിൽ ശുശ്രൂഷിക്കുമ്പോൾ രക്തസാക്ഷിയായി മരിച്ചു എന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു.

**ലൂക്കൊസ് :**

അന്ത്യോക്യ സ്വദേശിയായ ലൂക്കോസിനാലാണ് തന്റെ പേരിൽ അറിയപ്പെടുന്ന സുവിശേഷവും അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകവും എഴുതപ്പെട്ടത്. ഇദ്ദേഹം ഒരു യവനനും, വൈദ്യനും ആണെന്ന് പൗലൊസിന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാം (കൊലൊ. 4:11, 14). പൗലൊസിന്റെ ഒരു സന്തത സഹചാരിയും തന്റെ അവസാനഘട്ടം വരെ മിക്കപ്പോഴും തന്നോടുകൂടെ സഞ്ചരിക്കുകയും ചെയ്തു (കൊലൊ. 4:14, പ്രവൃ. 16:16, തിമൊ. 4:11). പൗലൊസിനോടും മറ്റു അപ്പൊസ്തലന്മാരോടുള്ള സഹകരണം തനിക്ക് സുവിശേഷ എഴുതുന്നതിന് സഹായകരമായിരുന്നു. തന്റെ സുവിശേഷം യവനർക്കും വേണ്ടി എഴുതിയതിനാൽ യേശുവിനെ സമ്പൂർണ്ണമനുഷ്യനായി വെളിപ്പെടുത്തുന്നു. തന്റെ പിൽക്കാല ജീവിതത്തെ സംബന്ധിച്ച് കൃത്യമായി ഒന്നും ലഭ്യമല്ല. മക്കദോന്യ, അഖായ പ്രദേശങ്ങളിൽ സുവിശേഷം പ്രഘോഷിയ്ക്കവെ വിജാതീയരാൽ

have inspired to write the gospel out of his relationship with Peter, and Mark had collected information about Jesus from him. He was a companion of Paul in his first missionary journey with Barnabas (Act. 12:25; 13:14; 15:35-38).He was a cousin of Barnabas (Col. 4:10). In this gospel, Jesus is presented as a servant, who is fully devoted to God, the sender. He wrote it for Romans to make them understand the servant-hood of Jesus. It is believed that Mark died as a martyr at Alexandria in Egypt.

**Luke :**

Luke was the native of Antioch. He wrote a gospel and Acts of the Apostles. We understand from Paul that Luke is a Greek and physician (Col. 4:11, 14). He was a companion of Paul and remained with him until the eve of his life (Col. 4:14; Acts. 16:16; 1.Tim. 4:11). He was influenced by Paul and others and it encouraged him to write the gospel. He reveals Jesus as a complete man because his aim was to reveal Jesus to gentiles. We have no clear account of his later life. It is believed that he died as a martyr by gentiles when he preached at Akhaya and Macedonia.

രക്തസാക്ഷി മരണം വരിച്ചു എന്നു കരുതപ്പെടുന്നു.

**യോഹന്നാൻ :**

യേശുക്രിസ്തുവിന്റെ പ്രിയ ശിഷ്യനായിരുന്ന യോഹന്നാൻ ഒരു സുവിശേഷവും മൂന്നു ലേഖനങ്ങളും, വെളിപ്പാടു പുസ്തകവം, ഉൾപ്പെടെ അഞ്ചു പുതിയനിയമ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. തന്റെ സ്വദേശം ഗലീലയിലുള്ള ബെദ്സെദയായിരുന്നു (മത്തായി 4:21, 27, 56; മത്തായി 15:40). ഗലീല കടൽക്കരയിൽ വച്ച് കർത്താവ് വിളിച്ചതിന്റെ ഫലമായി ശീമോൻ, അന്ത്രയോസ് എന്നീ സഹോദരൻമാരോടൊപ്പം സെബദിയുടെ രണ്ടു മക്കളായ യോഹന്നാനും യാക്കോബും (അപ്പൊസ്തലന്മാരിൽ ആദ്യം രക്തസാക്ഷിയായി തീർന്ന യാക്കോബ് ഇദ്ദേഹമായിരുന്നു അപ്പൊ.പ്രവൃ. 12:2). തങ്ങളുടെ പടകും വലയും വിട്ട് യേശുവിനെ പിൻപറ്റി. പിന്നീട് കർത്താവിന്റെ ഈ ഉറ്റ ശിഷ്യന്മാരിൽ ഒരുവനായി യോഹന്നാനെ കാണുന്നു. (മർക്കൊസ് 5:37, മത്തായി 17:1-8, 26:37, യോഹ. 13:23, 19:26, 21:20, 19:34-35). പിൽക്കാലത്ത് എഫെസോസായിരുന്നു തന്റെ പ്രവർത്തനകേന്ദ്രം. അവിടെ വച്ച് ഏകദേശം 100 വയസ്സുള്ളവനായി സ്വാഭാവിക മരണം പ്രാപിച്ചു എന്ന് വിശ്വസിക്കുന്നു. ഈ സുവിശേഷം എഴുതിയതിന്റെ ഉദ്ദേശം യോഹന്നാൻ തന്നെ വിശദമാക്കുന്നത് (യോഹ. 20:31). യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു. വിവിധ വിഭാഗങ്ങളിൽ നിന്നും യേശുവിൽ വിശ്വസിച്ച് സഭയോടു ചേർന്നവരെയാണ് ഇത് ലക്ഷ്യം വെയ്ക്കുന്നത്.

**John** :

He was the most lovable disciple of Jesus. He wrote five books in New Testament which include a gospel, three epistles, and book of Revelation. He was a native of Bethsaida in Galilee (Mt. 4:21,27, 56;Mt. 15:40) He, with his brother James (sons of Zebedee ) (It is this James who was the first martyr among Jesus' apostles (Acts 12:2) responded to Jesus' call at Galilee with Simon and Andrews. They left their boat and net and followed Jesus, and we see John as the most lovable disciple of Jesus (Mk. 5:37; Mt. 17:1-8; 26:37; Jn. 13:23; 19:26; 21:20; 19:34-35). He did missionary work at Ephesus and received a natural death at the age of 100. John himself explains why he writes it (Jn. 20:31). "But these are written that you may believe that Jesus is the Christ, the son of God, and that believing you may have life in his name". It aims at believers who have believed in Jesus and joined the church.

## പ്രവൃത്തി പരിചയം / Activity

1. സുവിശേഷ എഴുത്തുകാരിൽ അപ്പോസ്തലന്മാർ ആരെല്ലാം, അവർ യേശുവിനെ അനുഗമിപ്പാൻ ഇടയായത് എങ്ങനെ ?
   Name Jesus' disciples who wrote gospels? How did they follow Jesus?

2. സുവിശേഷ രചയിതാക്കളെക്കുറിച്ചുള്ള അറിവുകൾ കുറിക്കുക
   Write a short note of Gospel writers:

| **മത്തായി / Matthew** | **മർക്കൊസ് / Mark** |
|---|---|
| **ലൂക്കൊസ് / Luke** | **യോഹന്നാൻ / John** |

3. സുവിശേഷങ്ങൾ രചിച്ചത് ഏതു വിഭാഗക്കാരെ ഉദ്ദേശിച്ചത് ? യേശുക്രിസ്തുവിനെ എങ്ങനെ ചിത്രീകരിക്കുന്നു?
   To whom the gospels were intended to? How is Jesus being represented in each gospel?

| **സുവിശേഷം<br>Gospel** | **ആർക്ക് വേണ്ടി<br>To whom it is written** | **യേശുക്രിസ്തു<br>Jesus Christ** |
|---|---|---|
| **മത്തായി / Matthew** | | |
| **മർക്കൊസ് / Mark** | | |
| **ലൂക്കൊസ് / Luke** | | |
| **യോഹന്നാൻ / John** | | |